ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ക്ഷയരോഗം, മലമ്പനി, ടൈഫോയിഡ്, ന്യൂമോണിയാ, മസൂരി.

(ബി) ക്ഷയരോഗപ്രതിരോധത്തിനു് ബി. സി. ജി. കുത്തിവയ്ക്കുന്നുണ്ടു്. ക്ഷയരോഗം പിടിപെട്ടവരെ ആശുപത്രികളിലും ക്ലിനിക്കുകളിലും ചികിത്സിക്കുന്നുണ്ടു്. മലമ്പനി നിവാരണത്തിനു് ഡി. ഡി. റ്റി. തളിക്കുക, മലമ്പനി പിടിപെട്ടവർക്കു് ഔഷധങ്ങളും കൊടുക്കുക മുതലായവ ചെയ്യുന്നുണ്ടു്. മസൂരിരോഗം തടയാൻ ഊർജ്ജിതയജ്ഞമായി ഗോവസൂരിപ്രയോഗവും നടത്തുന്നുണ്ടു്.

മൈനർ ഇറിഗേഷൻ പദ്ധതി.

* 244. [12] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് എത്ര പഞ്ചായത്തുകളിൽ ജോലികൾ ഈ സാമ്പത്തികവർഷം നടന്നിട്ടുണ്ടു്;

(ബി) എത്ര പഞ്ചായത്തുകളിൽ മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് ജോലി നടക്കാതെയുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് ഈ സാമ്പത്തികവർഷത്തിൽ 223 പഞ്ചായത്തുകളിൽ ജോലി നടന്നിട്ടുണ്ടു്.

(ബി) മൈനർ ഇറിഗേഷൻ പദ്ധതിയനുസരിച്ചു് 324 പഞ്ചായത്തുകളിൽ ജോലി നടക്കാതെയുണ്ടു്.

ഭവനനിർമ്മാണപദ്ധതി.

* 245. [14] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്തെല്ലാം തൊഴിലാളിവിഭാഗത്തിൽപ്പെട്ടവർക്കു് ഭവനനിർമ്മാണപദ്ധതിയനുസരിച്ചു് വീടുകൾ പണിയിച്ചു കൊടുക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നു;

(ബി) 1954-55-ലും 1955-56-ലും ആകെ എത്ര പേർക്കു് എത്ര വീടുകൾ ഓരോ വിഭാഗത്തിലും പെട്ടവർക്കു് പണിതുകൊടുത്തിട്ടുണ്ടു്;

(സി) സ്വന്തം സ്ഥലമോ വീടോ ഇല്ലാത്ത എം. എൽ. എ. മാർക്കു് ഭവനനിർമ്മാണപദ്ധതിയനുസരിച്ചു് എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഗ്രാമീണകർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മുനിസിപ്പൽ ജീവനക്കാർ (തോട്ടികളും, തൂപ്പുകാരും), വ്യവസായത്തൊഴിലാളികൾ, മറ്റിനം തൊഴിലാളികൾ.

LIBRARY ARCHIVES Kerala Legislative Assembly